2. 58 നിയോജകമണ്ഡലങ്ങളിൽ ബ്ലോക്കുകളുടെ എണ്ണം ഒന്നായി പുനഃക്രമീകരിക്കും.

3. മൂന്ന് നിയോജകമണ്ഡലങ്ങളിൽ നിലവിലുള്ള ബ്ലോക്കുകളുടെ എണ്ണം നാലിൽ നിന്ന് രണ്ടായും 18 നിയോജകമണ്ഡലങ്ങളിൽ ബ്ലോക്കുകളുടെ എണ്ണം മൂന്നിൽനിന്നും രണ്ടായും കുറയ്ക്കും.

4. 20 നിയോജകമണ്ഡലങ്ങളിൽ വിവിധ കാരണങ്ങളാലും 13 നിയോജക മണ്ഡലങ്ങളിൽ പുനഃക്രമീകരിക്കേണ്ട ഗ്രാമപഞ്ചായത്തിൽ ബ്ലോക്ക് ആസ്ഥാനം നിലനിൽക്കുന്നതിനാലും ഈ 33 (20+13=33) നിയോജകമണ്ഡലങ്ങളിലെ എല്ലാ ഗ്രാമപഞ്ചായത്തുകളെയും ഒരു ബ്ലോക്കിൽ ഉൾക്കൊള്ളിക്കത്തക്കരീതിയിൽ പുനഃക്രമീകരണം പ്രായോഗികമല്ല. മേൽ 33 നിയമസഭാ മണ്ഡലങ്ങളിൽ രണ്ട് നിയോജകമണ്ഡലങ്ങളിൽ (കാഞ്ഞിരപ്പള്ളി, നാട്ടിക) മൂന്ന് ബ്ലോക്കുകളും 31 നിയോജകമണ്ഡലങ്ങളിൽ രണ്ട് ബ്ലോക്കുകൾ വീതവും തുടരാം.

(സി) ബ്ലോക്ക് പഞ്ചായത്തുകളുടെ പുനഃസംഘടന നിയോജകമണ്ഡലാടി സ്ഥാനത്തിലായിരിക്കണമെന്ന് ശിപാർശ ചെയ്തിരുന്നു. അതിനനുസൃതമായിട്ടാണ് ഇപ്പോൾ പുനഃസംഘടന നടത്താനുദ്ദേശിക്കുന്നത്. പുനഃസംഘടന അന്തിമഘട്ടത്തിലാണ്. നടപടിക്രമങ്ങൾ പൂർത്തീകരിച്ചു കഴിഞ്ഞാൽ മാത്രമേ അവസാന ചിത്രം വ്യക്തമാകൂ.

തൊഴിലുറപ്പുപദ്ധതി

13 (*433) ശ്രീമതി ഗീതാ ഗോപി :
ശ്രീ. സി. ദിവാകരൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിലുറപ്പുപദ്ധതിയിൽ ആസ്തിവികസനം ഉണ്ടാക്കുന്നതിൽ കേരളം പിന്നിലാണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഈ സ്ഥിതി തുടർന്നാൽ പദ്ധതി ഫണ്ട് അനുവദിക്കുന്നതിനെക്കുറിച്ച് പുനർ വിചിന്തനം വേണ്ടിവരുമെന്ന് കേന്ദ്രം മുന്നറിയിപ്പ് നൽകിയിട്ടുണ്ടോ ;

(ബി) തൊഴിലുറപ്പുപദ്ധതി സംബന്ധിച്ച് എന്തെല്ലാം പുതിയ നിർദ്ദേശങ്ങളാണ് കേന്ദ്രം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) :

(എ) തൊഴിലുറപ്പ് പദ്ധതിയിൽ ആസ്തിവികസനം ഉണ്ടാക്കുന്നതിൽ കേരളം പിന്നിലാണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാനത്തെ പദ്ധതി പ്രവർത്തനം പരിശോധിച്ച് കൂടുതൽ ഉല്പാദനപരമായ ആസ്തികൾ ഇനിയും സൃഷ്ടിക്കേണ്ടതുണ്ടെന്ന് സംസ്ഥാനം വിലയിരുത്തിയിട്ടുണ്ട്. പദ്ധതി ഫണ്ട് അനുവദിക്കേണ്ടതിനെക്കുറിച്ച് മറ്റ് മുന്നറിയിപ്പുകളൊന്നും കേന്ദ്രം അറിയിച്ചിട്ടില്ല.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

ആഡംബര വിവാഹം ഒഴിവാക്കാൻ നടപടി

14 (*434) ശ്രീമതി കെ. എസ്. സലീഖ :
ശ്രീ. ജി. സുധാകരൻ :
ശ്രീമതി കെ. കെ. ലതിക :
ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആഡംബര വിവാഹം ഒഴിവാക്കുന്നത് സംബന്ധിച്ച് സംസ്ഥാന വനിതാ കമ്മീഷൻ എന്തെങ്കിലും ശിപാർശ സമർപ്പിച്ചിട്ടുണ്ടോ ;

(ബി) ഇക്കാര്യത്തിൽ കമ്മീഷന്റെ പ്രധാനപ്പെട്ട ശിപാർശകൾ എന്തെല്ലാമാണ് ;

(സി) ആയത് നടപ്പിലാക്കുന്നത് സംബന്ധിച്ച നിലപാട് അറിയിക്കാമോ ;

(ഡി) ആഡംബര വിവാഹങ്ങൾ നിരുത്സാഹപ്പെടുത്തുന്നതിനുതകുന്ന തരത്തിൽ നിയമനിർമ്മാണം നടത്തുന്നതിന് തയ്യാറാകുമോ ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) :

(എ) ആഡംബര വിവാഹം ഒഴിവാക്കുന്നത് സംബന്ധിച്ച് കേരള വനിതാ കമ്മീഷൻ ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

(ബി) കമ്മീഷൻ സമർപ്പിച്ച ശിപാർശ ചുവടെ ചേർക്കുംപ്രകാരമാണ് :

1. വിവാഹങ്ങളിലെ ആർഭാടം നിയന്ത്രിക്കേണ്ടത് അത്യാവശ്യമാണ്. അത് നിയമനിർമ്മാണത്തിന്റെ ബലത്തോടുകൂടിമാത്രമേ സാദ്ധ്യമാകുകയുള്ളൂ എന്നതിനാൽ വിവാഹങ്ങളിലെ ധൂർത്തും ആർഭാടവും നിയന്ത്രിക്കാൻ നിയമനിർമ്മാണം നടത്തണം.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly